കെ.ടിയുടെ പ്രസ്ഥാന യാത്രകൾ - 11




കെ.ടി അബ്ദുർറഹീം

സദ്റുദ്ദീൻ വാഴക്കാട്

# ഒരു അവകാശത്തർക്കത്തിന്റെ കഥ

> ജനങ്ങളിൽനിന്ന് മാറിനിന്ന് ഉപദേശിക്കുകയല്ല, അവരോടൊപ്പം ജീവിക്കുക, അവരിലൊരാളായി മാറുക. ഇങ്ങനെയൊക്കെയാണ് പ്രവർത്തിക്കാറുള്ളത്. പ്രസംഗത്തേക്കാൾ ജനങ്ങളെ സ്വാധീനിക്കുക ജീവിതമാണ്. ജീവിതം കൊണ്ട് പ്രബോധനം ചെയ്യാനാകുമെങ്കിൽ പ്രസംഗം കുറച്ച് മതിയാകും. ജനങ്ങൾക്കിടയിലാണ് നാം ജീവിക്കേണ്ടത്. ഓഫീസിലോ പ്രസംഗപീഠത്തിലോ അല്ല.

1977 ആഗസ്റ്റിലാണ് വിദേശയാത്രയുടെ തുടക്കം. കാതിക്കോട് മഹല്ല് പള്ളിയുടെയും മദ്റസയുടെയും ആവശ്യാർഥം മുഹമ്മദലി സാഹിബിനോടൊപ്പം ഖത്തറിലേക്കാണ് പുറപ്പെട്ടത്. ഒരു റമദാൻ മാസത്തിലായിരുന്നു അത്. റമദാൻ മുഴുവൻ ഖത്തറിൽ താമസിച്ചു.

### യു.എ.ഇയിലെ ജോലി

പിന്നീട് ജോലിയാവശ്യാർഥം ഖത്തറിൽനിന്ന് യു.എ.ഇയിലേക്ക് പോയി. അക്കാലത്ത് ഇന്നത്തെപ്പോലെ വ്യവസ്ഥാപിതമായ സംഘടനാ സംവിധാനങ്ങളൊന്നും അവിടെ ഉണ്ടായിരുന്നില്ല. മലയാളികളായ കുറേ ജമാഅത്ത് പ്രവർത്തകർ യു.എ.ഇയിലും ഖത്തറിലും മറ്റു പല ഗൾഫ് രാജ്യങ്ങളിലും ജോലി ചെയ്തിരുന്നു.

അബൂദബിയിൽ അന്ന് കെ.എം ഇബ്റാഹീം മൗലവി, നിലമേൽ അബ്ദുസ്സലാം മൗലവി തുടങ്ങിയവരുണ്ടായിരുന്നു. ശാന്തപുരത്തുകാരും ധാരാളം

ഉണ്ടായിരുന്നു. എന്റെ കൂടെ പൊന്നാനിയിൽ താമസിച്ചിരുന്ന കടവനാട് അബ്ദുർറഹ്മാൻ അക്കാലത്ത് അബൂദബിയിൽ ഒരു ടൈപ്പിംഗ് സെന്ററിൽ ജോലി ചെയ്തിരുന്നു. അദ്ദേഹത്തിന്റെ നിർബന്ധത്തിന് വഴങ്ങിയാണ് ഞാൻ അബൂദബിയിലെത്തിയത്. അദ്ദേഹത്തിന്റെ റൂമിലായിരുന്നു താമസം.

എനിക്ക് പ്രത്യേകിച്ച് ജോലിയൊന്നും അറിയില്ല. തൊഴിൽപരമായ യോഗ്യതയുമില്ല. അബ്ദുർറഹ്മാന്റെ റൂമിൽ ടൈപ്പിംഗ് മെഷീൻ ഉണ്ടായിരുന്നു. അത് ഉപയോഗിച്ച് ടൈപ്പിംഗ് പഠിച്ചു. ഓഫീസ് ജോലി കഴിഞ്ഞാൽ അബ്ദുർറഹ്മാൻ പല പേപ്പറുകളും ടൈപ്പ് ചെയ്യാൻ റൂമിൽ കൊണ്ടുവരുമായിരുന്നു. അതെല്ലാം അടിക്കുന്ന ജോലി ടൈപ്പിംഗ് പഠിച്ചതോടെ എനിക്കുതന്നു. അതിന് പ്രതിഫലവും കിട്ടും. അതോടെ എനിക്ക് ചെലവിനുള്ള പണം കിട്ടിത്തുടങ്ങി.

ഇന്ത്യൻ ഇസ്‌ലാമിക് സെന്ററിൽ ഒരു അറബിക് ക്ലാസ് തുടങ്ങി. മലയാളികൾക്ക് അറബി പഠിക്കാനായിരുന്നു അത്. ആഴ്ചയിലൊരു ദിവസം സ്റ്റഡി ക്ലാസും എടുക്കും. ധാരാളമാളുകൾ അതിൽ പങ്കെടുത്തിരുന്നു. കുറേ ആളുകൾക്ക് മനഃപരിവർത്തനം വരാനും ദീനീ ബോധമുള്ളവരായി മാറാനും ആ ക്ലാസ്സുകൾ കാരണമായി. ഇസ്‌ലാമിക് സെന്ററിന്റെ പ്രസിഡന്റ് കെ.എം ഇബ്‌റാഹീം സാഹിബായിരുന്നു. പിന്നീട് സെന്റർ കൈവിട്ടുപോയി. എ.പി അബൂബക്കർ മുസ്‌ലിയാർ അക്കാലത്ത് യു.ഇ.എയിൽ വന്നിരുന്നു. ഞാനും അദ്ദേഹവും ഒരുമിച്ച് ഒരു ഹജ്ജ് യാത്രയയപ്പ് യോഗത്തിൽ പങ്കെടുത്തിട്ടുണ്ട്.

എട്ടുമാസത്തോളം അബൂദബിയിൽനിന്നു. ഇത്തിസാലാത്തിൽ ടൈപ്പിസ്റ്റായി ജോലിക്ക് ശ്രമിച്ചു. കിട്ടിയില്ല. ഒരു സൂപ്പർമാർക്കറ്റിൽ രണ്ടു മൂന്നുദിവസം പരീക്ഷിച്ചു. അതും ശരിയായില്ല. പള്ളിയിൽ ഇമാമത്ത് ജോലി കിട്ടുമായിരുന്നു. പക്ഷേ അത് ഞാൻ നേരത്തെ തന്നെ വേണ്ടെന്നു വെച്ചിരുന്നു.

അപ്പോഴാണ് ജമാഅത്ത് പ്രവർത്തകർ കൂടിയാലോചിച്ച് യു.എ.ഇയിൽ ജമാഅത്തിന്റെ മുഴുസമയ പ്രവർത്തകനായി എന്നെ നിശ്ചയിക്കാൻ തീരുമാനിച്ചത്. വളാഞ്ചേരിയിലെ കുഞ്ഞുമുഹമ്മദ് മൗലവിയുടെയും മറ്റും നേതൃത്വത്തിലായിരുന്നു ആ തീരുമാനം. അതനുസരിച്ച് പ്രവർത്തനം തുടങ്ങി. അൽഐൻ, ദുബൈ വഴി ഷാർജയിലെത്തി. എം.ടി ഇബ്‌റാഹീം സാഹിബും സയ്യിദ് ഹുസൈൻ സാഹിബും അന്ന് ഷാർജയിലുണ്ടായിരുന്നു.

സയ്യിദ് ഹുസൈൻ സാഹിബ് വാട്ടർ സപ്ലെയിൽ ജോലിയുള്ള നല്ല സ്വാധീനമുള്ള ആളായിരുന്നു. അദ്ദേഹം വഴി വാട്ടർ സപ്ലെയിൽ ജോലി ശരിയായി. എമർജൻസി ഓഫീസിൽ ടെലഫോൺ ഓപ്പറേറ്ററുടെ തസ്തികയിലായിരുന്നു. ഏതാണ്ട് ആറു വർഷം അവിടെ ജോലി ചെയ്തു. ഷിഫ്റ്റായിട്ടായിരുന്നു ജോലിയെന്നതിനാൽ ഇടക്ക് ഒഴിവു ദിവസങ്ങളുണ്ടാകും. അത് പൂർണമായും ഇസ്‌ലാമിക പ്രവർത്തനത്തിനു വേണ്ടി ഉപയോഗിക്കാൻ ശ്രമിച്ചു. അജ്മാൻ, സൈദ്, മനാമ, റാസൽഖൈമ, ഫുജൈറ, ഗോർഫുഖാൻ, അബൂദബി, ദേര, അൽഐൻ തുടങ്ങിയ സ്ഥലങ്ങളൊക്കെ സന്ദർശിക്കും. പ്രവർത്തകരെയും മറ്റ് ആളുകളെയും കണ്ട് സംസാരിക്കും. സാധ്യമാകുന്നത്ര ക്ലാസ്സുകൾ എടുക്കും. നാട്ടിലേതുപോലെ പ്രവർത്തനങ്ങളൊന്നും അവിടെ നടക്കുകയില്ലല്ലോ. ഇന്നത്തേതു പോലെയുള്ള പ്രവർത്തനങ്ങളും അക്കാലത്തില്ല. അതുകൊണ്ടു തന്നെ ഇതുവരെ വിശദീകരിച്ചപോലുള്ള ഹൃദയസ്പർശിയായ അനുഭവങ്ങളൊന്നും വിദേശജീവിതകാലത്ത് ഉണ്ടായതായി ഓർമയിലില്ല.

### ഐ.സി.സി രൂപീകരണം

യു.എ.ഇയിൽ ഉത്തരേന്ത്യൻ മുസ്‌ലിംകളുടെ 'ഐ.സി.സി' (ഇസ്‌ലാമിക് കൾച്ചറൽ സെന്റർ) പ്രവർത്തിച്ചിരുന്നു. മലയാളികൾക്ക് അത്തരം വേദികളൊന്നും ഉണ്ടായിരുന്നില്ല. ആ ഒരു പശ്ചാത്തലത്തിലാണ് ഐ.സി.സി മലയാളി ഘടകം രൂപീകരിക്കാൻ തീരുമാനിച്ചത്. കായംകുളം യൂനുസ് മൗലവി പ്രസിഡന്റും ഞാൻ സെക്രട്ടറിയുമായി ഐ.സി.സി നിലവിൽ വന്നു. ഐ.സി.സിക്ക് പല സ്ഥലങ്ങളിലും ശാഖകൾ തുടങ്ങി. ഹൈദറലി ശാന്തപുരം, കുഞ്ഞുമുഹമ്മദ് വളാഞ്ചേരി, സുബൈർ ശാന്തപുരം, ഇ. സൈതലവി മൗലവി തുടങ്ങിയവരൊക്കെ അക്കാലത്ത് യു.എ.ഇയിലുണ്ടായിരുന്നു. ഐ.സി.സി സ്ഥാപിച്ച് പ്രവർത്തനങ്ങൾക്ക് ക്രമവും ചിട്ടയും ഉണ്ടാക്കിയതാണ് യു.എ.ഇയിൽ ജോലി ചെയ്തിരുന്ന കാലത്തെ പ്രധാന പ്രവർത്തനം.

ഇപ്പോഴത്തെ ജമാഅത്ത് അഖിലേന്ത്യാ അമീർ ജലാലുദ്ദീൻ അൻസ്വർ ഉമരി അക്കാലത്തൊരിക്കൽ യു.എ.ഇയിൽ വന്നിരുന്നു. അന്തമാൻ സന്ദർശിച്ച ശേഷമായിരുന്നു അദ്ദേഹം യു.ഇ.എയിലെത്തിയത്. അന്തമാനിലെ പ്രവർത്തനങ്ങളുടെ സജീവത അദ്ദേഹത്തെ അത്ഭുതപ്പെടുത്തി. 'കെ.ടി അബ്ദുർറഹീമിനെ അന്തമാൻകാർ ധാരാളം ഓർക്കുന്നുണ്ടല്ലോ. യു.എ.ഇയിലും താങ്കൾ വളരെ സജീവമാണ്. നിങ്ങൾക്ക് എങ്ങനെയാണിതിന് സാധിക്കുന്നത്? ഞങ്ങൾ വടക്കേ ഇന്ത്യക്കാർക്ക് ഇങ്ങനെ പ്രവർത്തിക്കാൻ കഴിയുന്നില്ലല്ലോ?'- ഉമരി സാഹിബ് ചോദിച്ചു. "ജനങ്ങളുടെ മനഃശാസ്ത്രം മനസ്സിലാക്കി അവരുമായി ഇടപെടുന്ന രീതിയാണ് സ്വീകരിക്കാറുള്ളത്. ജനങ്ങൾക്ക് താൽപര്യമുള്ള വിഷയങ്ങളും അവർ നേരിടുന്ന പ്രശ്നങ്ങളും മനസ്സിലാക്കുകയും അതിനെക്കുറിച്ച് അവരോട് സംസാരിക്കുകയും ചെയ്യും. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കും. ജനങ്ങളിൽനിന്ന് മാറിനിന്ന് ഉപദേശിക്കുകയല്ല, അവരോടൊപ്പം ജീവിക്കുക, അവരിലൊരാളായി മാറുക. ഇങ്ങനെയൊക്കെയാണ് പ്രവർത്തിക്കാറുള്ളത്. പ്രസംഗത്തേക്കാൾ ജനങ്ങളെ സ്വാധീനിക്കുക ജീവിതമാണ്. ജീവിതം കൊണ്ട് പ്രബോധനം ചെയ്യാനാകുമെങ്കിൽ പ്രസംഗം കുറച്ച് മതിയാകും.

> യു.എ.ഇയിൽ ഉത്തരേന്ത്യൻ മുസ്‌ലിംകളുടെ 'ഐ.സി.സി' (ഇസ്‌ലാമിക് കൾച്ചറൽ സെന്റർ) പ്രവർത്തിച്ചിരുന്നു. മലയാളികൾക്ക് അത്തരം വേദികളൊന്നും ഉണ്ടായിരുന്നില്ല. ആ ഒരു പശ്ചാത്തലത്തിലാണ് ഐ.സി.സി മലയാളി ഘടകം രൂപീകരിക്കാൻ തീരുമാനിച്ചത്. കായംകുളം യൂനുസ് മൗലവി പ്രസിഡന്റും ഞാൻ സെക്രട്ടറിയുമായി ഐ.സി.സി നിലവിൽ വന്നു. ഐ.സി.സിക്ക് പല സ്ഥലങ്ങളിലും ശാഖകൾ തുടങ്ങി. ഐ.സി.സി സ്ഥാപിച്ച് പ്രവർത്തനങ്ങൾക്ക് ക്രമവും ചിട്ടയും ഉണ്ടാക്കിയതാണ് യു.എ.ഇയിൽ ജോലി ചെയ്തിരുന്ന കാലത്തെ പ്രധാന പ്രവർത്തനം.

പിന്നെ, ജനങ്ങൾക്കിടയിലാണ് നാം ജീവിക്കേണ്ടത്. ഓഫീസിലോ പ്രസംഗപീഠത്തിലോ അല്ല...” എനിക്കറിയാവുന്ന ചില കാര്യങ്ങൾ പറഞ്ഞു.

യു.എ.ഇയിലും ഖത്തറിലുമാണ് ആദ്യം പ്രവർത്തനങ്ങൾ സജീവമായത് എന്നാണെന്റെ ഓർമ. നിരവധി ആളുകളെ ജമാഅത്തിനോട് അടുപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ജമാഅത്ത് ഓഫീസിലേക്ക് ആദ്യത്തെ കാറ് വാങ്ങിക്കൊടുത്തത് യു.എ.ഇയിലെയും ഖത്തറിലെയും പ്രവർത്തകർ ചേർന്നാണ്. സൈത്തിലെ യൂനിറ്റും സജീവമായി പ്രവർത്തിച്ചിരുന്നു.

ടൊറണ്ടോയിലെ ടി.കെ ഇബ്റാഹീം സാഹിബ് ഇടക്കിടെ യു.എ.ഇയിൽ വരാറുണ്ടായിരുന്നു. ഒരിക്കൽ ടൊറണ്ടോയിലേക്ക് പോകുന്ന വഴി അദ്ദേഹം യു.എ.ഇയിലെത്തി. എസ്.ഐ.ഒ രൂപംകൊള്ളുന്ന സമയമാണത്. സിമിയുടെ കുറേ പ്രവർത്തകർ ജമാഅത്ത് തീരുമാനം അംഗീകരിച്ചു. കുറച്ചുപേർ അംഗീകരിക്കാതെ മാറിനിൽക്കുകയും സിമിയെ സ്വതന്ത്രമായി മുന്നോട്ടു കൊണ്ടുപോകണം എന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ടി.കെ ഇബ്റാഹീം സാഹിബ് എന്നോട് പറഞ്ഞു: നിങ്ങൾ നാട്ടിലേക്ക് പോകണം. ഭിന്നതകളില്ലാതെ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കണം. നിങ്ങൾക്കതിന് കഴിയും. ജമാഅത്തിനും അത്തരമൊരു ആഗ്രഹമുണ്ട്. എറണാകുളം ഇസ്‌ലാമിക് സെന്ററിന്റെ ചുമതല നിങ്ങളെപ്പോലൊരാൾ ഏറ്റെടുക്കണം എന്നാണ്. ടി.കെ അബ്ദുല്ല സാഹിബ് ഉൾപ്പെടെയുള്ള ജമാഅത്തു നേതാക്കളുടെ അഭിപ്രായം.

അഭിപ്രായം ശരിയാണെന്ന് എനിക്കും തോന്നി. വാട്ടർ സപ്ലൈയിൽ ജോലി ചെയ്യാൻ ഞാൻ വേണമെന്നില്ല. അത് ആർക്കും ചെയ്യാം. പക്ഷേ അല്ലാഹു എനിക്ക് തന്ന അനുഗ്രഹങ്ങൾ ദീനിനു വേണ്ടി ഉപയോഗിക്കണമല്ലോ. അങ്ങനെയൊരു ചിന്ത വന്നതോടെ ജോലി ഉപേക്ഷിച്ച് ജമാഅത്ത് പ്രവർത്തനത്തിനായി നാട്ടിലേക്ക് പോകാൻ തീരുമാനിച്ചു. പക്ഷേ, ജോലി ഉപേക്ഷിച്ച് പോരണം എന്ന് രേഖാമൂലം ജമാഅത്ത് എന്നോട് ആവശ്യപ്പെടുകയുണ്ടായില്ല. എങ്കിലും ജമാഅത്ത് പ്രവർത്തനം കൂടുതൽ സജീവമായി നടത്താൻ വേണ്ടി യു.എ.ഇയിലെ ജോലി രാജിവെച്ച് 1983 അവസാനത്തിൽ ഞാൻ നാട്ടിലേക്ക് മടങ്ങി.

> എറണാകുളം ഇസ്‌ലാമിക് സെന്ററിൽ എഴുപതോളം ആളുകൾ അവിടെ താമസിച്ചിരുന്നു. ഹോമിയോ കോളേജിലെയും മറ്റും വിദ്യാർഥികൾ ധാരാളമുണ്ടായിരുന്നു. ഹോസ്റ്റലിനെകുറിച്ച് നല്ല മതിപ്പുണ്ടായിരുന്നു ജനങ്ങൾക്ക്. ഹോമിയോ കോളേജിൽ ചേരാൻ വരുന്ന വിദ്യാർഥികളോട്, ഇസ്‌ലാമിക് സെന്ററിൽ താമസിക്കാനാണ് പ്രിൻസിപ്പൽ പടിയാർ നിർദേശിക്കാറുണ്ടായിരുന്നത്. അന്ന് അവിടെ താമസിച്ചിരുന്നവരിൽ പലരും പിൽക്കാലത്ത് പ്രസിദ്ധരായി തീർന്നിട്ടുണ്ട്.

## എറണാകുളം ഇസ്‌ലാമിക് സെന്റർ

1984-ൽ എറണാകുളം ഇസ്‌ലാമിക് സെന്ററിന്റെ ഡയറക്ടറായി ചുമതലയേറ്റു. ടി.കെ അബ്ദുല്ല സാഹിബായിരുന്നു അന്ന് ജമാഅത്ത് അമീർ. ജമാഅത്ത് കേരള ശൂറയുടെ തീരുമാനപ്രകാരം, ടി.കെയുടെ നിർദേശമനുസരിച്ചാണ് ഡയറക്ടറുടെ ചുമതല ഏറ്റെടുത്തത്.

ദക്ഷിണ കേരളത്തിൽ ജമാഅത്തെ ഇസ്‌ലാമിക്ക് ഒരു ആസ്ഥാനം ഉണ്ടാകണം എന്ന ചർച്ചയുടെ ഫലമായിരുന്നു ഇസ്‌ലാമിക് സെന്റർ. ജമാഅത്തിന്റെ മൂന്ന് മേഖലാ സമ്മേളനങ്ങൾ നടന്നിരുന്നു; ദക്ഷിണ മേഖല, മധ്യമേഖല, ഉത്തര മേഖല. കാഞ്ഞിരപ്പള്ളിയിലായിരുന്നു ദക്ഷിണ മേഖലാ സമ്മേളനം. മധ്യമേഖലയുടേത് തിരൂരിലും ഉത്തര മേഖലയുടേത് തലശ്ശേരിയിലും. കെ.പി.ഒ മൊയ്തീൻകുട്ടി സാഹിബായിരുന്നു തിരൂർ സമ്മേളനത്തിന്റെ കൺവീനർ. കെ. അബ്ദുസ്സലാം മൗലവിയായിരുന്നു അന്ന് മേഖലാ നാസിം. മരക്കച്ചവടക്കാരനായിരുന്ന കെ.പി.ഒ ‘ബുഷ്റാ ഹോട്ടലും’ നടത്തിയിരുന്നു. തിരൂർ പറവണ്ണ സ്വദേശിയായ കെ.പി.ഒ ധീരനായ നേതാവായിരുന്നു. വിദ്യാഭ്യാസവും ചിന്താശേഷിയുമുള്ള ആളായിരുന്നു. തിരൂർ സമ്മേളനത്തിന്റെ വിജയത്തിൽ കെ.പി.ഒ വലിയ പങ്കുവഹിച്ചിട്ടുണ്ട്. പിന്നീട് ജമാഅത്ത് ശൂറാംഗമായി അദ്ദേഹം.

തിരൂരിൽ നടന്ന മധ്യമേഖലാ സമ്മേളനത്തിൽ ഞാൻ പ്രസംഗിച്ചിരുന്നു. പ്രസംഗകരുടെ ലിസ്റ്റിൽ എന്റെ പേരുണ്ടായിരുന്നില്ല. കെ. അബ്ദുസ്സലാം മൗലവിയുടെ നിർബന്ധത്തിനു വഴങ്ങിയാണ് പ്രസംഗിച്ചത്. ഇബ്റാഹീം നബിയുടെ ചരിത്രവും നയസമീപനങ്ങളുമായിരുന്നു വിഷയം. ബഹുദൈവ വിശ്വാസികളുടെ സമൂഹത്തിൽ യുക്തിപൂർണമായ പ്രബോധനം എങ്ങനെയാണ് ഇബ്റാഹീം നബി നടത്തിയതെന്ന് ചരിത്രമുദ്ധരിച്ച് വിശദീകരിച്ചു. ‘പ്രബോധിതരെ കാര്യങ്ങൾ ബോധ്യപ്പെടുത്താൻ വേണ്ടിയാണെങ്കിലും, സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയുമൊക്കെ തന്റെ റബ്ബാണെന്ന് പറയുന്ന നയം അദ്ദേഹം സ്വീകരിച്ചു. ആദരവ് നിലനിർത്തിക്കൊണ്ട് അദ്ദേഹം പിതാവിനോട് സംവാദം നടത്തി’- ഇതായിരുന്നു പ്രസംഗത്തിന്റെ പ്രധാന പോയിന്റ്.

ജമാഅത്ത് ശൂറയിലേക്ക് ഞാൻ തെരഞ്ഞെടുക്കപ്പെടുന്നതിൽ ഈ പ്രസംഗവും പങ്കുവഹിച്ചിട്ടുണ്ടെന്ന് തോന്നുന്നു. കാരണം, ജമാഅത്ത് അംഗങ്ങളാണ് ശൂറാംഗങ്ങളെ തെരഞ്ഞെടുക്കുക. ജമാഅത്ത് അംഗങ്ങൾ കൂടുതൽ ഉണ്ടായിരുന്നത് മധ്യമേഖലയിലാണ്. അവർക്ക് ഞാൻ പരിചിതനായത് തിരൂർ പ്രസംഗത്തോടെയാണ്. ദക്ഷിണ മേഖലയിൽ ദീർഘകാലം പ്രവർത്തിച്ചിരുന്നതിനാൽ അവിടത്തുകാർക്ക് മാത്രമേ ഞാൻ സുപരിചിതനായിരുന്നുള്ളൂ. മലബാറിലെ പ്രവർത്തകർക്ക് ആദ്യകാലത്ത് എന്നെ അറിയുമായിരുന്നില്ല. തിരൂർ സമ്മേളനത്തിന് ശേഷം രൂപീകരിച്ച ശൂറയിലേക്ക് ഞാൻ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

കാഞ്ഞിരപ്പള്ളി സമ്മേളനത്തിൽ, ജമാഅത്തിന് ദക്ഷിണ കേരള ആസ്ഥാനം സ്ഥാപിക്കുന്നതിനെക്കുറിച്ച പ്രമേയം പാസ്സാക്കി. ശൂറായിലും അതു സംബന്ധിച്ച് തീരുമാനമുണ്ടായി. എറണാകുളത്ത് ആസ്ഥാനം പണിയാൻ തീരുമാനമായി. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവരെ ഉൾപ്പെടുത്തി ഐ.ഡി.റ്റി (ഇശാഅത്തുദ്ദീൻ ട്രസ്റ്റ്) ട്രസ്റ്റ് രൂപീകരിച്ചു. പള്ളുരുത്തി ഹാജി, കെ.യു ഹംസ സാഹിബ് കൊച്ചി, കെ.പി.ഒ മൊയ്തീൻകുട്ടി സാഹിബ്, പൊന്നാനിയിലെ സി.പി ഉമർ സാഹിബ്, മാറഞ്ചേരിയിലെ ഇ.വി. ആലിക്കുട്ടി മൗലവി, ആലപ്പുഴയിലെ അബ്ദുൽ ഹമീദ് സാഹിബ്, പെരിങ്ങ

മ്മല അയ്യൂബ് സാഹിബ് തുടങ്ങിയവരൊക്കെ ട്രസ്റ്റിലുണ്ടായിരുന്നു. പി.കെ ഹാഷിം ഹാജിയായിരുന്നു ആദ്യ ചെയർമാൻ. പിന്നീട് ജമാഅത്തെ ഇസ്‌ലാമി അമീർ ചെയർമാനും ഹാഷിം ഹാജി വൈസ് ചെയർമാനുമായി. ജമാഅത്തിന്റെ തീരുമാന പ്രകാരം ജമാഅത്തിന്റെ ദക്ഷിണ കേരള ആസ്ഥാനമായാണ് എറണാകുളം ഇസ്‌ലാമിക് സെന്റർ സ്ഥാപിക്കപ്പെട്ടത്.

ഞാൻ ഡയറക്ടറായി ചുമതലയേൽക്കുമ്പോൾ എഴുപതോളം ആളുകൾ അവിടെ താമസിച്ചിരുന്നു. ഹോമിയോ കോളേജിലെയും മറ്റും വിദ്യാർഥികൾ ധാരാളമുണ്ടായിരുന്നു. ഹോസ്റ്റലിനെകുറിച്ച് നല്ല മതിപ്പുണ്ടായിരുന്നു ജനങ്ങൾക്ക്. ഹോമിയോ കോളേജിൽ ചേരാൻ വരുന്ന വിദ്യാർഥികളോട്, ഇസ്‌ലാമിക് സെന്ററിൽ താമസിക്കാനാണ് പ്രിൻസിപ്പൽ പടിയാർ നിർദേശിക്കാറുണ്ടായിരുന്നത്. അന്ന് അവിടെ താമസിച്ചിരുന്നവരിൽ പലരും പിൽക്കാലത്ത് പ്രസിദ്ധരായി തീർന്നിട്ടുണ്ട്.

ഇസ്‌ലാമിക് സെന്ററിൽ സ്റ്റഡി ക്ലാസ്സുകളും ചർച്ചകളും സംഘടിപ്പിച്ചിരുന്നു. പലർക്കും അത് പുതിയ അനുഭവമായിത്തീർന്നു. പലരുടെയും ജീവിതത്തിൽ ഗുണകരമായ മാറ്റങ്ങളുണ്ടായി. അന്ന് വിദ്യാർഥികളായിരുന്ന, ഇന്ന് ഉയർന്ന മേഖലകളിൽ പ്രവർത്തിക്കുന്ന പലരും ഇസ്‌ലാമിക് സെന്ററിലെ ജീവിതം അവരിലുണ്ടാക്കിയ മാറ്റത്തെക്കുറിച്ച് പറയാറുണ്ട്. ഡോ. ഇഖ്ബാൽ കുറ്റിപ്പുറം ഈയിടെ *മാധ്യമ*ത്തിൽ എഴുതിയ ഒരു കുറിപ്പിൽ അദ്ദേഹത്തിന്റെ അനുഭവം അനുസ്മരിക്കുകയുണ്ടായി.

ഞായറാഴ്ചകളിൽ രാത്രി വിദ്യാസമ്പന്നരായ ആളുകൾക്കു വേണ്ടി ക്ലാസ്സുകൾ നടത്തിയിരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന പ്രത്യേക വിഷയങ്ങളെക്കുറിച്ച് ക്ലാസ്സും തുടർന്ന് ചർച്ചയും നടക്കും. ഉയർന്ന തസ്തികകളിൽ ജോലി ചെയ്യുന്നവർക്കൊക്കെ അത് ഏറെ പ്രയോജനം ചെയ്യുകയുണ്ടായി. എറണാകുളം ഫ്രൈഡേ ക്ലബ്ബിലും ക്ലാസുകൾ എടുക്കാറുണ്ടായിരുന്നു. അക്കാലത്ത് മാസ് ഹോട്ടലിന്റെ ഓഡിറ്റോറിയത്തിലായിരുന്നു ഫ്രൈഡേ ക്ലബ്ബിന്റെ ക്ലാസ്.

## അവകാശത്തർക്കം

എറണാകുളം ഇസ്‌ലാമിക് സെന്ററിന്റെ മേൽനോട്ടം ഹാഷിം ഹാജിക്കായിരുന്നു. ഞാൻ ഡയറക്ടറായി ചുമതലയേറ്റതോടെ സെന്ററിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ശ്രമിച്ചു. ജമാഅത്തിന്റെ കേന്ദ്രം എന്ന നിലക്കുള്ള പ്രവർത്തനരീതി സെന്ററിനുണ്ടാകണമെന്നും തീരുമാനിച്ചു. നേരത്തേ മുതൽ ജമാഅത്തിന്റെ യോഗങ്ങളും പരിപാടികളും സെന്ററിൽ നടന്നുവന്നിരുന്നു. അത് കൂടുതൽ സജീവമായി തുടർന്നു. സെന്ററിന്റെ വരുമാനത്തിന്റെ പകുതി ജമാഅത്തിന്റെ ബൈത്തുൽമാലിലേക്ക് നൽകാൻ തുടങ്ങി. ശേഷിക്കുന്ന സംഖ്യ എറണാകുളത്തെ പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കും. ഇങ്ങനെ മുന്നോട്ടുപോയപ്പോഴാണ് സെന്ററിന്റെ മേൽ ചിലർ അവകാശവാദം ഉന്നയിച്ചതും സെന്റർ ജമാഅത്തിന്റേതല്ല എന്ന് വാദിച്ചതും. തർക്കം മൂർഛിച്ചപ്പോൾ ഒത്തുതീർപ്പ് ചർച്ചകൾ നടന്നു. ജമാഅത്തിന്റേതല്ല സെന്റർ എന്ന് വാദിച്ചവരോട് ഞാൻ ചില ചോദ്യങ്ങൾ ചോദിച്ചു.

1. ഇസ്‌ലാമിക് സെന്റർ ജമാഅത്തിന്റേതല്ലെങ്കിൽ കേരളത്തിന്റെ പല ഭാഗങ്ങളിലുമുള്ള ജമാഅത്ത് പ്രവർത്തകർ എങ്ങനെയാണ് ട്രസ്റ്റിൽ അംഗങ്ങളായത്? പൊന്നാനിയിലെ സി.വി ഉമർസാഹിബ് മാറഞ്ചേരി, ഇ.വി ആലിക്കുട്ടി മൗലവി, പെരിങ്ങമ്മലയിലെ അയ്യൂബ് ഖാൻ, തിരൂരിലെ കെ.പി.ഒ മൊയ്തീൻ കുട്ടി സാഹിബ് തുടങ്ങിയവർ എങ്ങനെ ഇതിൽ വന്നു?

2. ജമാഅത്ത് ശൂറയുടെ തീരുമാന പ്രകാരവും ദക്ഷിണ മേഖലാ സമ്മേളനത്തിൽ അവതരിപ്പിച്ച പ്രമേയമനുസരിച്ചും ജമാഅത്തിന്റെ ദക്ഷിണ മേഖലാ ആസ്ഥാനമായാണ് ഇത് ഉണ്ടായത് എന്നതിന് ഇതെല്ലാം തെളിവല്ലേ?

3. ജമാഅത്തിന്റേതല്ല ഈ സ്ഥാപനമെങ്കിൽ ജമാഅത്ത് ശൂറ, ജമാഅത്ത് അംഗമായ എന്നെ സെന്ററിന്റെ ഡയറക്ടറായി നിശ്ചയിക്കുമോ?

ഇതിനൊന്നും കാര്യമായ മറുപടി ഉണ്ടായില്ല. അവകാശം ഉന്നയിച്ച് സെന്റർ കൈയടക്കാൻ ശ്രമിച്ചവർ വിജയിച്ചില്ല. പിൻവാങ്ങുകയും സെന്റർ ജമാഅത്തിന്റേതായിത്തന്നെ തുടരുകയും ചെയ്തു. ഇന്നും അതങ്ങനെത്തന്നെയാണ്. ■

(തുടരും)

sadarvzkd@yahoo.co.in



ദക്ഷിണ കേരളത്തിൽ ജമാഅത്തെ ഇസ്‌ലാമിക്ക് ഒരു ആസ്ഥാനം ഉണ്ടാകണം എന്ന ചർച്ചയുടെ ഫലമായിരുന്നു എറണാകുളം ഇസ്‌ലാമിക് സെന്റർ. കാഞ്ഞിരപ്പള്ളി സമ്മേളനത്തിൽ, ജമാഅത്തിന് ദക്ഷിണ കേരള ആസ്ഥാനം സ്ഥാപിക്കുന്നതിനെക്കുറിച്ച പ്രമേയം പാസ്സാക്കി. ശൂറായിലും അതു സംബന്ധിച്ച് തീരുമാനമുണ്ടായി. എറണാകുളത്ത് ആസ്ഥാനം പണിയാൻ തീരുമാനമായി. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവരെ ഉൾപ്പെടുത്തി ഐ.ഡി.റ്റി (ഇശാഅത്തുദ്ദീൻ ട്രസ്റ്റ്) ട്രസ്റ്റ് രൂപീകരിച്ചു. അങ്ങനെ ജമാഅത്തിന്റെ തീരുമാന പ്രകാരം ജമാഅത്തിന്റെ ദക്ഷിണ കേരള ആസ്ഥാനമായാണ് എറണാകുളം ഇസ്‌ലാമിക് സെന്റർ സ്ഥാപിക്കപ്പെട്ടത്.